## പതിനാലാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2230

### 05-02-2018 ൽ മറുപടിക്ക്

### കിഫ്ബിയിലൂടെ കോളേജുകളുടെ അടിസ്ഥാന സൗകര്യവികസനം

| ചോദ്യം<br>ശ്രീ. പുരുഷൻ കടലുണ്ടി | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) 2017-18 വർഷത്തെ ബജറ്റ് പ്രസംഗത്തിൽ കോളേജുകളുടെ അടിസ്ഥാന സൗകര്യവികസനത്തിന് എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത് എന്നറിയിക്കാമോ; | 2017-18 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ സർക്കാരിന്റെ 52 കോളേജുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനായി 350 കോടിരൂപയാണ് പ്രഖ്യാപിക്കപ്പെട്ടിട്ടുള്ളത്. |
| (ബി) സ്വന്തമായി കെട്ടിടമില്ലാത്തതും, പുതുതായി സ്ഥാപിതമായതുമായ ഗവൺമെന്റ് കോളേജുകൾക്ക് എത്ര കോടി രൂപയാണ് കിഫ്ബിയിലൂടെ അനുവദിക്കാനുദ്ദേശിക്കുന്നത്; ഈ കോളേജുകളുടെ ലിസ്റ്റ് ലഭ്യമാക്കാമോ; | 2016-17 ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗപ്രകാരവും 2017-18 ലെ ബഡ്ജറ്റ് പ്രസംഗപ്രകാരവും 20,000 കോടി രൂപ വീതമുള്ള രണ്ടാം മാന്ദ്യവിരുദ്ധ പാക്കേജ് ഉൾപ്പെടെ 5 വർഷം കൊണ്ട് 50,000 കോടി രൂപയുടെ കിഫ്ബി പദ്ധതികൾ നടപ്പിലാക്കാനാണ് സർക്കാർ ഉദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ഇതിനോടകം തന്നെ 54,000 കോടിക്കു മേൽ രൂപയുടെ പദ്ധതികൾ കിഫ്ബി വഴി നടപ്പിലാക്കാൻ പ്രഖ്യാപിച്ചു കഴിഞ്ഞു. ഇതിൽ 18938.3 കോടി രൂപയുടെയുള്ള പ്രോജക്ടുകൾക്ക് ബോർഡ് അംഗീകാരം നൽകിയിട്ടുണ്ട്. 2016-17,2017-18 ബഡ്ജറ്റ് പ്രസംഗങ്ങളിൽ പ്രതിപാദിച്ച ബാക്കിയുള്ള പ്രവർത്തികൾക്ക് വിശദമായ പദ്ധതി രേഖ ലഭിക്കുന്ന മുറയ്ക്ക് കിഫ്ബി അംഗീകാരം നൽകുന്നതാണ്. ബഡ്ജറ്റുകളിൽ പ്രഖ്യാപിച്ചതും അംഗീകരിച്ചിട്ടുള്ളതുമായ പദ്ധതികൾ ഏറിയ പങ്കും നടപ്പിലാക്കിയതിനു ശേഷം കിഫ്ബിയുടെ പ്രവർത്തനം |

| | |
|---|---|
| | വിലയിരുത്തി മാത്രമേ ഇവയ്ക്ക് പുറമെയുള്ള പദ്ധതികൾ കിഫ്ബി മുഖേന നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുള്ളൂ എന്ന സമീപനമാണ് ഇപ്പോൾ സ്വീകരിച്ചിട്ടുള്ളത്. |
| (സി) കെട്ടിടമില്ലാത്ത കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി കിറ്റ്കോ ലിമിറ്റഡ് സമർപ്പിച്ച മാസ്റ്റർ പ്ലാനിന് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്താണ് കാലതാമസം എന്നറിയിക്കാമോ? | കെട്ടിടമില്ലാത്ത കോളേജുകളുടെ അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട മാസ്റ്റർ പ്ളാൻ, കിറ്റ്കോ ലിമിറ്റഡ് നാളിതുവരെ കിഫ്ബിക്ക് ലഭ്യമാക്കിയിട്ടില്ല. കൂടാതെ, ഇതിന് ഭരണാനുമതി നൽകേണ്ടത് ബന്ധപ്പെട്ട ഭരണവകുപ്പായ ഉന്നത വിദ്യാഭ്യാസ വകുപ്പാണ്. |

സെക്ഷൻ ഓഫീസർ